# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1163** 10-08-2017-ൽ മറുപടി നൽകേണ്ടത്

## വിദ്യാഭ്യാസ വായ്പാസഹായ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി.ടി.എ.റഹീം<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.ബി.ഡി.ദേവസ്സി | : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് മുടങ്ങി ജപ്തി ഭീഷണി നേരിടുന്ന വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കുമായി ആശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) Education Loan Repayment Support Scheme പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടി elrs.kerala.gov.in എന്ന വെബ്-പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 04.08.2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്ക- |

| | |
|---|---|
| | ന്നതിനുള്ള അവസാന തീയതി 31.10.2017 വരെയാണ്. പ്രസ്തുത പോർട്ടൽ വഴി അപേക്ഷകൾ ലഭിച്ച ശേഷം ആയതിന് വേണ്ടി വരുന്ന സർക്കാർ വിഹിതം എത്രയാണെന്ന് കണക്കാക്കി തുക അനുവദിക്കുന്നതാണ്. |
| സി) വിദ്യാഭ്യാസ വായ്പാസഹായ പദ്ധതി ലഭിക്കുന്നതിനുള്ള മാനദണ്ഡ-ങ്ങൾ എന്തൊക്കെയാണെന്ന് വിശദ-മാക്കുമോ; | സി) 16.05.2017 ലെ ജി.ഒ(പി) 65/17/ഫിൻ നമ്പർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ വായ്പ എടുത്തവരെ രണ്ട് വിഭാഗമായി തിരിച്ചിട്ടുണ്ട്. (I) നിഷ്ക്രിയ അക്കൗണ്ടായി മാറിയിട്ടില്ലാത്ത തിരിച്ചടവുള്ള സ്റ്റാന്റേർഡ് അക്കൗണ്ടുകൾ, (Non-NPA/Standard Account) (ii) 31.03.2016 ന് മുൻപ് തിരിച്ചടവ് മുടങ്ങിയ നിഷ്ക്രിയ അക്കൗണ്ടായി മാറിയ വിദ്യാഭ്യാസ വായ്പകൾ.<br>നിഷ്ക്രിയ അക്കൗണ്ടായി മാറിയിട്ടില്ലാത്ത (റെഗുലർ അക്കൗണ്ട്സ്) 9 ലക്ഷം രൂപ വരെ വായ്പ എടുത്ത 01.04.2016 ന് മുൻപ് തിരിച്ചടവ് തുടങ്ങിയവർക്ക് ചുവടെ കൊടുത്തിട്ടുള്ള ഷെഡ്യൂൾ പ്രകാരം വായ്പ തിരിച്ചടവിന് സർക്കാർ സഹായം നൽകുന്നതാണ്.<br>അനുപാതം |

| വർഷം | സംസ്ഥാനസർക്കാർ | വായ്പയെടുത്തയാൾ |
|---|---|---|

| | | |
|---|---|---|
| 1-ാം വർഷം | 90% | 10% |
| 2-ാം വർഷം | 75% | 25% |
| 3-ാം വർഷം | 50% | 50% |
| 4-ാം വർഷം | 25% | 75% |

തിരിച്ചടവ് മുടങ്ങി 2016 മാർച്ച് 31 ന് മുൻപ് നിഷ്ക്രിയ അക്കൗണ്ടായി മാറിയ 4 ലക്ഷം രൂപ വരെയുള്ള ലോൺകളിൽ, ബാങ്കുകൾ പലിശ മുഴുവനായി എഴുതിത്തള്ളാൻ തയ്യാറാണെങ്കിൽ വായ്പയെടുത്ത വിദ്യാർത്ഥി ഒറ്റത്തവണയായി ബാക്കി നിൽക്കുന്ന തുകയുടെ 40% മുൻകൂറായി അടക്കുന്ന പക്ഷം ബാക്കിയുള്ള 60% തുക അടച്ച് ലോൺ ക്ലോസ് ചെയ്യുവാൻ സർക്കാർ സഹായം നൽകുന്നതാണ്. 4 ലക്ഷത്തിന് മേൽ 9 ലക്ഷം വരെ വായ്പാതുകയുള്ള 2016 മാർച്ച് 31 ന് മുൻപ് നിഷ്ക്രിയ അക്കൗണ്ടായി മാറിയ വായ്പകളിൽ ബാങ്കുകൾ ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കുകയാണെങ്കിൽ മുതൽ തുകയുടെ 50% (പരമാവധി 2,40,000/- രൂപ) ഒടുക്കി ലോൺ ക്ലോസ് ചെയ്യുവാൻ സർക്കാർ സഹായം നൽകുന്നതാണ്.

വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥിക്ക് സ്ഥിരമായി മാനസികമായോ ശാരീരികമായോ വൈകല്യം സംഭവിച്ചാൽ വായ്പാ

| | |
|---|---|
| | തുക മുഴുവൻ സർക്കാർ അടയ്ക്കുന്നതാണ്. ഈ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമാണ്.<br>• ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സിനു മാത്രമേ സഹായം ലഭിക്കുകയുള്ളൂ<br>• ഇന്ത്യയിൽ അംഗീകൃത വിദ്യാലയങ്ങളിൽ അംഗീകൃത കോഴ്സിന് പഠിച്ച വിദ്യാർത്ഥിക്കേ ഇതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ.<br>• മാനേജ്മെന്റ്/എൻ.ആർ.ഐ ക്വാട്ടയിൽ പഠിച്ച വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. എന്നാൽ മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സ് പഠിച്ച വിദ്യാർത്ഥികൾ ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹരാണ്.<br>• ആരോഗ്യ കാരണങ്ങളാലോ മരണമടഞ്ഞതു മൂലമോ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ സാധിക്കാത്തവർക്ക് ഈ പദ്ധതി പ്രകാരം ഇളവ് ലഭിക്കും. അല്ലാത്ത കാരണങ്ങളാൽ വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർക്ക് ഈ |

| | |
|---|---|
| | പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതല്ല.<br>• വാർഷിക തിരിച്ചടവിന്റെ 400% വാർഷിക വരുമാനമുള്ള ജോലി ലഭിക്കുന്നവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.<br>• വായ്പ മുഴുവനായും തിരിച്ചടച്ചവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല.<br>ടി ഉത്തരവ് പ്രകാരം 2016 മാർച്ച് 31 ന് മുൻപ് വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥികൾ ഉത്തരവിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി യോഗ്യ-തയുണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കേണ്ടത് ലോൺ എടുത്ത ബാങ്ക് ശാഖയിലാണ്. ബാങ്ക് യോഗ്യതയുള്ള അപേക്ഷകൾ നോഡൽ ഏജൻസിയായ സംസ്ഥാനതല ബാങ്കിംഗ് സമിതിക്ക് കൈമാറുകയും സംസ്ഥാനതല ബാങ്കിംഗ് സമിതി ധനകാര്യ വകുപ്പ് തയ്യാറാക്കുന്ന പുതിയ സോഫ്റ്റ് വെയർ മുഖേനപ്രൊപ്പോസൽ ഓൺലൈനായി ഫണ്ട് അനുവദിക്കു-ന്നതിനായി സർക്കാരിൽ സമർപ്പിക്കേ-ണ്ടതുമാണ്. |
| ഡി) വിദ്യാഭ്യാസ വായ്പ എടുത്തതിന് | ഡി) വിദ്യാഭ്യാസ വായ്പ എടുത്ത |

| | |
|---|---|
| ശേഷം മരണമടഞ്ഞ വിദ്യാർത്ഥി-കളുടെയും ശാരീരക-മാനസിക വെല്ലു-വിളികൾ നേരിടുന്ന വിദ്യാർത്ഥിക-ളുടെയും വായ്പ സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊ-ണ്ടിട്ടുള്ളത്; | വിദ്യാർത്ഥിക്ക് സ്ഥിരമായി മാനസിക-മായോ/ശാരീരികമായോ വൈകല്യം സംഭവിച്ചാലോ മരണമടഞ്ഞാലോ വായ്പാതുക മുഴുവൻ സർക്കാർ അടയ്ക്കു-ന്നതാണ്. |
| ഇ) അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | ഇ) സ്വീകരിക്കും. |

**സെക്ഷൻ ഓഫീസർ**